## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.169** **30.11.2015 ന് മറുപടിയ്ക്ക്**

## നീര ചെത്തുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ:**<br>**,, എ.പി.അബ്ദുള്ളക്കുട്ടി:**<br>**,, ഹൈബി ഈഡൻ:**<br>**,, കെ.മുരളീധരൻ :** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നീര ചെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; | (എ) | 23.09.2013 ലെ G.O(Ms)No.160/2013/TD പ്രകാരം സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കാണ് നീര ഉൽപ്പാദിപ്പിക്കു ന്നതിനും വിതരണം ചെയ്യുന്നതിനും ലൈസൻസിന് അർഹതയുള്ളത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദമാക്കാമോ ; | (ബി) | സംസ്ഥാനത്ത് നാളീകേരത്തിന്റെ വിലയിടിവുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കേര കർഷകരെ സഹായി ക്കുന്നതോടൊപ്പം പരമ്പരാഗത വ്യവസായമായ കള്ള്ചെത്ത് വ്യവസായത്തെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്ത് നീര ഉല്പാദനത്തിന് സർക്കാർ അനുമതി നൽകിയത്. |
| (സി) | ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ? | (സി) | നീര ഉല്പാദനം നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി നീര റൂൾസ് 2014 നിലവിൽ വരുകയുണ്ടായി. |

Raina.V

**സെക്ഷൻ ഓഫീസർ**